കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകളിന്മേൽ സർക്കാർ കൈക്കൊണ്ട നടപടി -31ാം നമ്പർ ശിപാർശ നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്.എഫ്.സി. സെൽ - എ) വകുപ്പ്

സ.ഉ.(കൈ) നം. 86/2021/ധന. തീയതി, തിരുവനന്തപുരം, 9 ആഗസ്റ്റ് 2021

പരാമർശം : ആറാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ 31ാം നമ്പർ ശിപാർശയിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാനം.

ഉത്തരവ്

പൂർണ്ണമായും പ്രാവർത്തികമാക്കാൻ സമയമെടുക്കുന്ന ശിപാർശകളുടെ കാര്യത്തിൽ, ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിക്കേണ്ടതും ശിപാർശകൾ നടപ്പിലാക്കുന്നതിന് ചെയ്യേണ്ട കാര്യങ്ങൾ, ആയതിന്റെ സമയക്രമം, ഉത്തരവാദിത്തങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിശദമായ ഒരു കർമ്മ പദ്ധതി തയ്യാറാക്കേണ്ടതുമാണ് എന്ന് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. എന്നാൽ എല്ലാ ശിപാർശകളും പ്രാവർത്തികമാക്കുന്ന കാര്യം എംപവേർഡ് കമ്മിറ്റി നിരീക്ഷിക്കുന്നതായിരിക്കുമെന്ന ഭേദഗതിയോടെ നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ സർക്കാർ അംഗീകരിച്ച ശിപാർശകൾ പ്രാവർത്തികമാക്കുന്നത് നിരീക്ഷിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെട്ട ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുകയും ചെയ്യുന്നു:

തദ്ദേശസ്വയംഭരണ സെക്രട്ടറി	അംഗം
നിയമസെക്രട്ടറി	അംഗം
സാമ്പത്തിക ആസൂത്രണ വകുപ്പ് സെക്രട്ടറി	അംഗം
ധനകാര്യ സെക്രട്ടറി	മെമ്പർ സെക്രട്ടറി

തദ്ദേശ സ്വയംഭരണ വകുപ്പിലെ മറ്റ് സെക്രട്ടറി (മാർ), തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള വകുപ്പധ്യക്ഷന്മാരായ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, ടൗൺ ആന്റ് കൺട്രി പ്ലാനിങ്ങ്

വകുപ്പ് ചീഫ് ടൗൺ പ്ലാനർ, കില ഡയറക്ടർ എന്നിവർ എംപവേർഡ് കമ്മിറ്റിയിൽ സ്ഥിരം ക്ഷണിതാക്കളായിരിക്കും.

3) എംപവേർഡ് കമ്മിറ്റിയ്ക്കാവശ്യമായ സേവനങ്ങൾ ധനകാര്യ (എസ് എഫ് സി സെൽ-എ) വകുപ്പ് ലഭ്യമാക്കുന്നതായിരിക്കും. പഞ്ചായത്ത് സെക്രട്ടറിയായും മുനിസിപ്പൽ സെക്രട്ടറിയായും അഞ്ചു വർഷമെങ്കിലും പ്രവർത്തിച്ചിട്ടുള്ളതും നിലവിൽ കുറഞ്ഞ പക്ഷം അസിസ്റ്റന്റ് റാങ്കിലുള്ളതുമായ രണ്ടു പേർ ആ സെല്ലിലുണ്ടായിരിക്കും. അവരുടെ നിയമനം വർക്കിങ്ങ് അറേഞ്ചുമെന്റിലായിരിക്കുന്നതും ഇതു സംബന്ധിച്ച ഉത്തരവ് തദ്ദേശ സ്വയം ഭരണ വകുപ്പ് പുറപ്പെടുവിക്കുന്നതുമായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് കുമാർ സിംഗ്
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും/ ബ്ലോക്ക് പഞ്ചായത്തുകൾക്കും/ ജില്ലാ പഞ്ചായത്തുകൾക്കും
എല്ലാ മുനിസിപ്പാലിറ്റികൾക്കും /മുനിസിപ്പൽ കോർപ്പറേഷനുകൾക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ ചീഫ് എഞ്ചിനീയർ
ടൗൺ ആന്റ് കൺട്രി പ്ലാനിങ്ങ് വകുപ്പ്
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കില
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (*E-1682472*)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.